II.ഇ.ബി. XII--കേരള നിയമസഭ/IV-2

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ–സംഗ്രഹം

2007 മാർച്ച് 6, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*31) മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ ഏതാനും വർഷങ്ങളായി വിതരണം ചെയ്യുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി കൾക്കായി നടപ്പിലാക്കിവരുന്ന വിവാഹധനസഹായ പദ്ധതി 2004 ജൂലൈ മുതലും ആശ്രിതരുടെ മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം, താൽക്കാലിക അവശതയ്ക്കുള്ള ധനസഹായം, മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം, കുടുംബ സംവി

ധാന പദ്ധതി, മാരകരോഗ ചികിത്സാ പദ്ധതി, പ്രസവ ശുശ്രൂഷയ്ക്കുള്ള സഹായം എന്നിവ 2005 സെപ്റ്റംബർ മാസം മുതലും വാർദ്ധക്യകാല പെൻഷൻ/വിധവാ പെൻഷൻ എന്നിവ 2006 ആഗസ്റ്റ് മുതലും മുടങ്ങിക്കിട ക്കുകയാണ്. മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികളിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, ഇൻഷ്വറൻസ് ധനസഹായം എന്നിവ ഒഴികെ 2.1 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് മുടങ്ങിക്കിടക്കുന്നത്. 2007 മാർച്ച് 1, 2, 3 തീയതികളിൽ മത്സ്യബോർഡിന്റെ 54 ഫിഷറീസ് ഓഫീസുകൾ മുഖേന ആനുകൂല്യം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചി ട്ടുണ്ട്. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് വർദ്ധിച്ചുവരുന്ന ഇന്ധനച്ചെ ലവ് പരിഹരിക്കുന്നതിന് സബ്സിഡിയോടുകൂടി ഗ്യാസ്കിറ്റ് കൊടുക്കൽ; ഭവന നിർമ്മാണ പദ്ധതി ഏർപ്പെടുത്തൽ; വാല്യൂ ആഡഡ് പ്രോജക്ട് മുഖാ ന്തിരവും മൈക്രോ യൂണിറ്റുകൾ സ്ഥാപിച്ചും വരുമാനം വർദ്ധിപ്പിക്കൽ തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് മത്സ്യത്തൊഴിലാളി കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തി അവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കയറ്റുമതിക്കാരിൽനിന്ന് സെസ്സ് പിരിക്കുന്നതിന് നേരിട്ട നിയമപരമായ തടസ്സം ഒഴിവാക്കുന്നതിന് 2006 ഫെബ്രുവരിയിൽ കൊണ്ടുവന്ന ഓർഡി നൻസ് ബില്ലാക്കി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും കമ്മിറ്റി കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽവച്ച് ബന്ധ പ്പെട്ട വ്യക്തികളിൽനിന്നും സംഘടനകളിൽനിന്നും തെളിവെടുപ്പ് നടത്തു

കയും ചെയ്തുകഴിഞ്ഞു. കഴിയുന്നതുംവേഗം ബിൽ നിയമമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിച്ച് ആനുകൂല്യങ്ങൾ ഫലപ്രദമായി വിതരണം ചെയ്യാൻ കഴിയുമെന്ന് കരുതുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, അഡാക്ക് തുടങ്ങി വിവിധ ഏജൻസികൾ നൽകിവരുന്ന വിവിധങ്ങളായ ആനുകൂല്യങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 200 മത്സ്യ ഭവനുകൾ ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. അതിന്റെ ആദ്യപടിയായി 100 മത്സ്യഭവനുകൾ മുൻഗണനാടിസ്ഥാനത്തിൽ ഈ വർഷം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന 40,000 രൂപ അപര്യാപ്തമായതിനാൽ അത് ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന് നാഷണൽ ഫിഷറീസ് ഫണ്ട് ബോർഡ് മീറ്റിംഗിൽ സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുള്ളത് പതിനൊന്നാം പദ്ധതിയിൽ പ്രയോഗത്തിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരവനം പദ്ധതി, താലൂക്ക് സൊസൈറ്റികൾ, സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച്, സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഈ മേഖലയിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കൂടാതെ സുനാമി ദുരിതാശ്വാസ പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 45.54 കോടി രൂപ അപര്യാപ്തമായതിനാൽ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോ

ധിച്ച് തുക കൂടുതൽ നീക്കിവച്ചിട്ടുള്ള ഹെഡ്ഡുകളിൽനിന്ന് ഡൈവെർട്ട് ചെയ്ത് ഇതിനായി വിനിയോഗിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മാസം തോറും 1500 രൂപ വച്ച് ധനസഹായം നൽകണമെന്നുള്ള സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനവുമായി ബന്ധപ്പെട്ട കെടുതികളിൽ അകപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന സൗജന്യ റേഷനുപുറമേ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ സഹായവും ചെയ്യുന്നതാണ്. വൻ കടക്കെണിയിൽ അകപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഒരു കടാശ്വാസ കമ്മിഷൻ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരുടെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. മത്സ്യക്കച്ചവടം നടത്തുന്നവരെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനായി സബ്സിഡി ഏർപ്പെടുത്തിക്കൊണ്ട് എടുക്കുന്ന തുക തിരിച്ചടയ്ക്കാൻ കഴിയുന്ന വിധത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചുവരികയാണെന്നും ഏതാനും ആഴ്ചകൾക്കുള്ളിൽ അത് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

9 (*32) <u>ഉത്തരവാദിത്ത ടൂറിസം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഉത്തരവാദിത്ത ടൂറിസം എന്ന ആശയം ഇപ്പോൾ സാർവ്വദേശീയമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാ

ണെന്നും ഇത് കേരള ടൂറിസം രംഗത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു എന്നും സഭയെ അറിയിച്ചു. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് തദ്ദേശവാസികൾക്ക് തൊഴിൽസാധ്യതകൾ ഉണ്ടാക്കി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നേട്ടം ഉണ്ടാക്കുകയാണ് ഇതുകൊണ്ട്  ഉദ്ദേശിക്കുന്നത്. ഉത്തരവാദിത്ത ടൂറിസവുമായി ബന്ധപ്പെട്ട് 2007 ഫെബ്രുവരി 2, 3 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽവച്ച് ടൂറിസം സംരംഭകർ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക പ്രതിനിധികൾ, പത്ര മാധ്യമ പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ഒരു വർക്ക്ഷോപ്പ് വളരെ വിജയകരമായി നടത്തുകയുണ്ടായി. ഉത്തരവാദിത്ത ടൂറിസം പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് ആഴത്തിലുള്ള പഠനത്തിനും മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ടാസ്ക്ഫോഴ്സ് ആയിരിക്കും ഇത് പ്രാവർത്തികമാക്കുന്നതിനുള്ള ഭാവിപരിപാടികൾ നിർദ്ദേശിക്കുന്നത്. 2007 സെപ്റ്റംബറിൽ ഈ വിഷയത്തിൽ ഒരു അന്താരാഷ്ട്ര സമ്മേളനം കേരളത്തിൽവച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടൂറിസം പീക്ക് സീസണിൽ സംസ്ഥാനത്ത് 20,000 ക്ളാസ്സിഫൈഡ് മുറികളുടെ ആവശ്യം വരുന്നുണ്ടെന്നതും ഇപ്പോൾ 8,000--ഓളം മുറികൾ മാത്രമേയുള്ളൂ എന്നതും കണക്കിലെടുത്തുകൊണ്ടാണ് ഹോംസ്റ്റേ പദ്ധതി വ്യാപകമാക്കിക്കൊണ്ടിരിക്കുന്നത്. എറണാകുളം, വയനാട്, പാലക്കാട് ജില്ലകളിൽ ഹോംസ്റ്റേ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റിന്റെ എല്ലാ പരിശോധനയും നടത്തി ഉയർന്നുവരാനിടയുള്ള എല്ലാ പരാതികളും പരിഹരിച്ചതിനുശേഷം  മാത്രമേ ഇതിന് ഗവൺമെന്റ് അനുവാദം

നൽകുകയുള്ളൂ. ഫാം ടൂറിസത്തിന്റെ സാധ്യതകളും ഗവൺമെന്റ് സജീവ മായി പരിഗണിക്കുന്നതാണ്. കായൽ ടൂറിസവുമായി ബന്ധപ്പെട്ട് ഇപ്പോൾ അഞ്ഞൂറോളം ഹൗസ്ബോട്ടുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സമീ പകാലത്തുണ്ടായ ബോട്ട് ദുരന്തംകൂടി കണക്കിലെടുത്ത് ഈ രംഗത്ത് കർശ നമായ സുരക്ഷാനിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ബോട്ടപ കടങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനവുമായി ബന്ധപ്പെട്ട് ഫയർ ഫോഴ്സിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി നേവിയിലെ ഉദ്യോഗസ്ഥർക്ക് നൽകുന്നതുപോലെ കാര്യക്ഷമമായ പരിശീലനം നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരി കയാണ്. ടൂറിസം രംഗത്തെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുന്ന തിനും കൂടുതൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഇൻഫ്രാ സ്ട്രക്ച്ചർ ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിനകത്തുനിന്നും വിദേശരാ ജ്യങ്ങളിൽനിന്നുമായി വരുന്ന ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യ മാക്കുന്നതിന് കൂടുതൽ സ്ഥലങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ ആരംഭി ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാന തലസ്ഥാനങ്ങളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരി ച്ചുകൊണ്ടിരിക്കുകയാണ്. ടൂറിസ്റ്റുകൾ അധികമായി വരുന്നതും അപകടമു ണ്ടാകാൻ സാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ കൂടുതൽ ലൈഫ്ഗാർഡു കളെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ടൂറിസം വകു പ്പിന്റെ കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പുന:സംവി ധാനം ചെയ്യാൻ ഉദ്ദേശിക്കുന്നു. വൻതോതിൽ ടൂറിസ്റ്റുകൾ കേരളത്തിൽ വരു ന്നത് പ്രകൃതിസുന്ദരമായ ഗ്രാമങ്ങൾ കണ്ട് ആസ്വദിക്കുന്നതിനാണെന്നും

സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് അത്തരം പ്രദേശങ്ങൾക്ക് അർഹമായ പ്രാധാന്യം നൽകുകയാണ് ഗവൺമെന്റിന്റെ ടൂറിസം വികസന നയമെന്നും മന്ത്രി അറിയിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായവും സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതവും കൊണ്ടുമാത്രം ടൂറിസത്തിന്റെ സാധ്യ തകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയില്ല എന്നതിനാൽ കൂടുതൽ നിക്ഷേപംകൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ട് എല്ലാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം ഡിപ്പാർട്ടുമെന്റിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കായൽ ടൂറിസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അനുഗ്രഹീതമായ ജലപാതകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വിവിധ പ്രദേശങ്ങളിൽ മാസ്റ്റർ പ്ളാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരി ച്ചുവരുന്നു. വയനാട് ജില്ലയ്ക്കു മാത്രമായി പ്രത്യേകമായ ഒരു മാസ്റ്റർ പ്ളാൻ കൊണ്ടുവരുന്നതാണ്. പതിനഞ്ച് വർഷത്തോളമായി തടസ്സപ്പെട്ടുകിടന്ന സരോവരം പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് മലമ്പുഴ ഉദ്യാനമുൾപ്പെടെയുള്ള ഭാഗങ്ങൾ ആധുനികവത്കരിക്കാൻ ഗവൺമെന്റ് പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ സംസ്ഥാനത്തിന്റെ പ്രകൃതിഭംഗി സംരക്ഷിച്ചു കൊണ്ടുമാത്രമേ ടൂറിസം വികസനം സാധ്യമാക്കുകയുള്ളൂവെന്നും ഭൂമി കയ്യേറ്റം നടത്തുന്ന സ്വകാര്യ റിസോർട്ടുകളെ കർശന നടപടികളിൽക്കൂടി ഒഴിപ്പിച്ച് സംസ്ഥാനത്തിന്റെ സ്വത്ത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരി ക്കുന്നതാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

10 (*33) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ ക്രമക്കേടുകളും ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതും അവസാനിപ്പിക്കുന്നതിലേയ്ക്കായി ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതുകൈ പെരുവിരൽ പതിപ്പും ആധാരത്തിൽ പതിക്കണമെന്നും, സ്ഥാവര വസ്തുക്കളുടെ കൈമാറ്റം സംബന്ധിച്ച ആധാരങ്ങളിൽ വസ്തു വാങ്ങുന്ന ആളുടെയും വിൽക്കുന്ന ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതുകൈ പെരുവിരൽ പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും രജിസ്റ്ററിംഗ് ആഫീസർ മുൻപാകെ രജിസ്ട്രേഷനായി ഹാജരാക്കുന്ന കക്ഷികളെ തിരിച്ചറിയുന്നതിലേയ്ക്കായി സർക്കാരോ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അധികാര സ്ഥാനമോ നൽകിയിട്ടുള്ള ഇലക്ടറൽ ഐഡന്റിറ്റി കാർഡ്, പാൻ കാർഡ്, പാസ്പോർട്ട്, റേഷൻ കാർഡ് തുടങ്ങിയ ഏതെങ്കിലും രേഖ ഹാജരാക്കുവാൻ വ്യവസ്ഥ ചെയ്തുകൊണ്ടും രജിസ്ട്രേഷൻ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ നടപടികൾ അന്തിമഘട്ടത്തിലാണെന്ന് സഭയെ അറിയിച്ചു. കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ ഇമേജ് പ്രിന്റർ എന്ന പുതിയ സംവിധാനം ഉപയോഗിച്ച് ആധാരപ്പകർപ്പുകൾ എടുക്കുന്ന പൈലറ്റ് പദ്ധതി പൂർണ്ണവിജയമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇമേജ് പ്രിന്റർ ഉപയോഗിച്ച് 25-11-2006 മുതൽ നാളിതുവരെയായി 982 പകർപ്പുകൾ എടുത്തിട്ടുണ്ട്. പകർപ്പ് എടുത്ത് നൽകുന്നതിന് നൂറ് വാക്കിന് **4**

രൂപ ഈടാക്കിവരുന്നുണ്ട്. ഡിജിറ്റൽ ഇമേജ് പ്രിന്റർ മുഖേന എടുക്കുന്ന പകർപ്പിന് മുൻഗണനാഫീസ് ഒഴിവാക്കിയിട്ടുണ്ട്. എറണാകുളം സബ് രജിസ്ട്രാർ ആഫീസിൽ മാത്രം നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി മറ്റ് സബ് രജിസ്ട്രാർ ആഫീസുകളിലും വൈകാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. എല്ലാ സബ് രജിസ്ട്രാർ ആഫീസുകളും ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഒരുപ ചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

11 (*37) തോക്ക് ലൈസൻസ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ,കൈവശം സൂക്ഷിക്കുന്ന ആയുധത്തിന്റെ സ്വഭാവം അനുസരിച്ച് കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, ജില്ലാ മജിസ്ട്രേട്ട് എന്നീ അധികാരികളാണ് ആയുധ ലൈസൻസ് നൽകുന്നതും പുതുക്കുന്നതുമെന്ന് അറിയിച്ചു.

12 (*41) ജയിൽ മാന്വൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 6-2-2007-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി കേരളാ പ്രിസൺ ആക്ട് പരിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ഇതിനായി തൃശൂർ മദ്ധ്യമേഖല ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നറിയിച്ചു.

13 (*48) <u>പരസ്യബോർഡുകൾ സൃഷ്ടിക്കുന്ന ഗതാഗത തടസ്സം</u>

മരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നാഷണൽ/സ്റ്റേറ്റ് ഹൈവേകളുടെയും എം.ജി. റോഡിന്റെയും പാർശ്വഭാഗങ്ങളിൽ പരസ്യ ബോർഡുകൾമൂലം സൃഷ്ടിക്കപ്പെടുന്ന ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടെന്നും അതൊഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചു. സംസ്ഥാന പാതയിലും പ്രധാന ജില്ലാ റോഡുകളിലും ഒരു പരസ്യബോർഡും സ്ഥാപി ക്കാൻ പാടില്ലെന്നുള്ള നിയമം കൊണ്ടുവരേണ്ടതാണ്. ദേശീയ പാതകളുടെ വക സ്ഥലത്ത് അനധികൃതമായി സ്ഥാപിക്കുന്ന എല്ലാവിധ പരസ്യബോർഡു കളും നീക്കം ചെയ്യുന്നതിന് സംസ്ഥാനത്തെ Highway Protection Act അനു സരിച്ചും കേന്ദ്ര ഗവൺമെന്റിന്റെ Control of NH (Land & Traffic) Act അനുസരിച്ചും വിവിധ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമ തലപ്പെടുത്തിയിട്ടുണ്ട്.

14 (*53) <u>മദ്യനയം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സർക്കാർ പുറപ്പെടുവിച്ച പുതിയ മദ്യനയത്തിൽ പൂട്ടിക്കിടക്കുന്ന കള്ളുഷാ പ്പുകൾ തുറക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിച്ചു. വ്യാജ മദ്യ വിപണനവും സ്പിരിറ്റ് കള്ളക്കടത്തും തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായുള്ള ജനകീയ സമിതികൾ പുന:സംഘടിപ്പിച്ചിട്ടു ണ്ട്. നിരന്തരം റെയ്ഡുകൾ നടത്തിയും ചെക്ക് പോസ്റ്റുകൾ ശക്തിപ്പെ ടുത്തിയും വാഹന പരിശോധന കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇക്കാര്യത്തി

ലുള്ള വിവരങ്ങൾ നിർബാധം ലഭിക്കുന്നതിന് 1975-ലെ കേരള അബ്കാരി (ഗ്രാന്റ് ഓഫ് റിവാർഡ്സ്) റൂൾസ് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

9 (201) വ്യാജ സി.ഡി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19.10.2006–ൽ ആന്റി പൈറസി വർക്കിന്റെ നോഡൽ ഓഫീസറായി നിയമിക്കപ്പെട്ട ശ്രീ. ഋഷിരാജ് സിംഗ് എല്ലാ ജില്ലകളും സന്ദർശിച്ച് എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് ആഡിയോ വീഡിയോ പൈറസിയെക്കുറിച്ച് അവബോധന ക്ലാസ്സ് എടുക്കുകയും വ്യാജ സി.ഡി.കൾ തിരിച്ചറിയുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 777 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

10 (214) സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കൊലപാതകങ്ങൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-2007 വരെ സംസ്ഥാനത്ത് 5 രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെ 340 കൊലപാതകങ്ങൾ ഉണ്ടായിട്ടുണ്ട്.

11 (247) കസ്റ്റഡി മരണങ്ങൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 18.5.2006 മുതൽ 31.1.2007 വരെ 3 പോലീസ് കസ്റ്റഡി മരണങ്ങളും പോലീസിനെ

കണ്ട് ഭയന്ന് വെള്ളത്തിൽ വീണതുമൂലവും മറ്റും 5 മരണങ്ങളും ഉണ്ടായി ട്ടുണ്ട്.

12 (310) ടൂറിസം പോലീസ്

ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ സാമൂഹ്യ വിരുദ്ധരെ അമർച്ച ചെയ്യുന്നതിനും സംസ്ഥാന പോലീസ് സേനയ്ക്കുകീഴിൽ ടൂറിസം പോലീസ് പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ടൂറിസം വകുപ്പിനുകീ ഴിലുള്ള 'കിറ്റ്സ്' എന്ന സ്ഥാപനംവഴി പരിശീലനം നൽകിയിട്ടുണ്ട്. പ്രധാന പ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 150 പോലീസുകാരേയും 30 ഹെഡ് കോൺസ്റ്റ ബിൾമാരേയും നിയമിച്ചിട്ടുണ്ട്.

13 (341) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ പദ്ധതി ആരംഭം മുതൽ 31.1.2007 വരെ 1877808 തൊഴിലാളികൾ അംഗങ്ങളായുണ്ട്.

14 (347, 348 & 349) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

കേരളത്തിൽ 83 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്ന തിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം 31-12-2006 –ലെ കണക്കനുസരിച്ച് 3856704 ആണ്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പ്രൊഫ ഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ കഴിഞ്ഞ 5 വർഷത്തിനകം 6878 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

15 (354) ഇ.എസ്.ഐ. ആശുപത്രികൾ

കേരളത്തിൽ 12 ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം 395153 ആണ്.

16 (358) വ്യാജ സ്പിരിറ്റ് റെയ്ഡുകൾ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2007 ജനുവരി 31 വരെ എക്സൈസ് വകുപ്പ് 85127 വ്യാജ സ്പിരിറ്റ് റെയ്ഡുകൾ നടത്തുകയും 5395 കേസുകൾ ചാർജ് ചെയ്യുകയും 342669 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

17 (366) കശുവണ്ടി തൊഴിലാളി പെൻഷൻ കുടിശ്ശിക

ക്ഷേമനിധി അംഗങ്ങളായി വിരമിച്ച് പെൻഷൻ വാങ്ങുന്ന 36859 പേർക്ക് 4/2006 മുതൽ 2/2007 വരെയുള്ള കുടിശ്ശികയായി 5,29,54,000 രൂപയും ക്ഷേമനിധി അംഗങ്ങളല്ലാതെ വിരമിച്ച് പെൻഷൻ വാങ്ങുന്ന 10601 പേർക്ക് 9/2005 മുതൽ 2/2007 വരെയുള്ള കുടിശ്ശികയായി 2,46,73,050 രൂപയും നൽകാനുണ്ട്.

18 (372) കരാറുകാർക്കുള്ള കുടിശ്ശിക

പി.ഡബ്ല്യു.ഡി. റോഡു വിഭാഗത്തിൽ 30.9.2006 വരെയുള്ള കാലയളവിൽ 652 കോടി രൂപയും കെട്ടിട വിഭാഗത്തിൽ എറണാകുളം ജില്ല ഒഴികെ 45.85 കോടിയോളം രൂപയും കുടിശ്ശികയിനത്തിൽ നൽകുവാനുണ്ട്.